TB Movie Panel Weekly Review

**#moviepanel**

മരക്കാർ :അറബി കടലിന്റെ സിംഹം

Written By: Arjun Anand

കഴിഞ്ഞ രണ്ടു വർഷമായി മലയാളികൾ ഇത്ര അധികം കാത്തിരുന്ന മറ്റൊരു സിനിമയും ഉണ്ടാവില്ല... റിസേർവഷനിൽ കൂടെ മാത്രം ഹൗസ്ഫുൾ ആയ ഷോകൾ അത് അടിവരയിടുന്നുണ്ട്...പറഞ്ഞു വരുന്നത് മലയാളികൾക്ക് ഏറ്റവും പ്രിയപ്പെട്ട നായക -സംവിധായക കൂട്ടുകെട്ടിന്റെ മരയ്ക്കാർ അറബിക്കടലിന്റെ സിംഹം എന്ന ചിത്രത്തെ കുറിച്ചാണ്... പ്രിയദർശന്റെയും മോഹൻലാലിന്റെയും സ്വപ്ന ചിത്രം, മലയാളത്തിന്റെ മാഗ്നം ഓപ്പസ്, ഇന്ത്യയിലെ ഏറ്റവും സാങ്കേതിക തികവുള്ള ചിത്രം, റിലീസിനു മുൻപേ 100 കോടി ക്ലബ്ബിൽ എത്തിയ ചിത്രം, 2019 ലെ ഏറ്റവും മികച്ച ചിത്രം അങ്ങനെ ഒട്ടനവധി അവകാശവാദങ്ങളുമായി എത്തിയ ചിത്രം പക്ഷെ മേല്പറഞ്ഞതിനോടൊക്കെ നീതി പുലർത്തിയോ? പ്രിയദർശനിൽ നിന്നു പ്രതീക്ഷിച്ച ഒരു നിലവാരത്തിൽ എത്താൻ മരയ്ക്കാറിന് സാധിച്ചോ?

സിനിമയുടെ പ്രഖ്യാപനം മുതൽ പ്രിയദർശൻ അവകാശപ്പെടുന്നത് കുഞ്ഞാലി മരയ്ക്കാരുടെ ചരിത്രം എവിടെയും വ്യക്തമായി രേഖപെടുത്തിയിട്ടില്ലെന്നും ലഭ്യമായ പല വിവരങ്ങളും വൈരുദ്ധ്യം നിറഞ്ഞതാണെന്നും അതുകൊണ്ട് തന്നെ 30% ശതമാനം മാത്രമേ ചരിത്രം ഉള്ളൂ എന്നും ബാക്കി 70% ശതമാനം തന്റെ ഭാവനയിൽ വിരിഞ്ഞ കാര്യങ്ങൾ ആണെന്നും ആണ്...പക്ഷെ ആ 70 ശതമാനം നന്നായി ഗൃഹപാഠം ചെയ്തു രൂപപ്പെടുത്തി എടുക്കുന്നതിൽ പതിറ്റാണ്ടുകളുടെ അനുഭവപരിചയം ഉള്ള പ്രിയദർശൻ അലസത കാണിച്ചു എന്ന് നിസ്സംശയം പറയാം...25 വർഷങ്ങൾക്കു മുമ്പ് പരിമിതമായ മുതൽമുടക്കിൽ കലാപാനി പോലെ ഒരു ക്ലാസ്സിക് (സിനിമയിലെ രാഷ്ട്രീയത്തോടുള്ള ചില വിയോജിപ്പുകൾ മാറ്റിനിർത്തിയാൽ )ഒരുക്കിയ മാസ്റ്റർ ക്രാഫ്റ്റ്മാനിൽ നിന്നും 2021 ൽ മലയാളികൾ മിനിമം പ്രതീക്ഷ വയ്ക്കുന്നതിൽ തെറ്റ് പറയാൻ കഴിയില്ല..

സാബു സിറിലിന്റെ കരവിരുതിൽ ഒരുങ്ങിയ മികച്ച ആർട്ട് വർക്കുകളുടെയും സിദ്ധാർഥ് പ്രിയദർശൻ ഒരുക്കിയ മികച്ച വിഷ്വൽ എഫക്റ്റിന്റെയും പിൻബലം ഉണ്ടായിട്ടു പോലും ഒരു സിനിമയുടെ നട്ടെല്ലെന്ന് പറയാവുന്ന തിരക്കഥയിലും കഥാപാത്ര സൃഷ്ടിയിലും നടീനടന്മാരെ തിരഞ്ഞെടുക്കുന്നതിലും വലിയ പാളിച്ച സംഭവിച്ചു എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് കഥാപാത്രങ്ങളുമായും കഥാസന്ദർഭങ്ങളുമായും പ്രേക്ഷകന് യാതൊരു വിധ വൈകാരികതയും

അനുഭവപ്പെടാത്തത് ...പ്രിയദർശനും അനി ഐ വി ശശിയും ചേർന്നാണ് സംഭാഷണങ്ങൾ ഒരുക്കിയിരിക്കുന്നത്..ഒരു ചരിത്ര സിനിമയിലെ സംഭാഷണങ്ങൾ ആ നിലവാരം പുലർത്തിയില്ല എന്നുള്ളതുകൊണ്ട് തന്നെ അഭിനയിച്ച മിക്ക നടന്മാരുടെയും പ്രകടനങ്ങൾ മോശമായി അനുഭവപ്പെടുന്നു... സ്ക്രീനിൽ അവതരിച്ചു കഴിഞ്ഞാൽ സിനിമയെ മൊത്തമായി സ്വന്തം തോളിൽ ചുമന്നു ഉയർത്താൻ കഴിവുള്ള സാക്ഷാൽ മോഹൻലാൽ പോലും പലപ്പോഴും നിസ്സഹായൻ ആണ്.... ചിത്രത്തിൽ ഏറ്റവും നന്നായി എഴുതപ്പെട്ടിട്ടുള്ളത് മരയ്ക്കാരിന്റെ യൗവനം അവതരിപ്പിക്കുന്ന പ്രണവ് മോഹൻലാലിന്റെ ഭാഗങ്ങൾ ആണ്... കുസൃതിയും പ്രണയവും പകയും നിസ്സഹായതയും സങ്കടവും ഒക്കെ നിറഞ്ഞ പ്രണവിന്റെ പ്രകടനം പ്രേക്ഷകനിൽ കുഞ്ഞാലിയോട് ഒരിഷ്ടം ജനിപ്പിക്കും...പ്രണവിന്റെ പാർകൗറിൽ ഉള്ള കഴിവുകളും ചിത്രത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്..ഒരു നടൻ എന്ന നിലയിൽ അയാൾ ഒരു ചുവട് കൂടെ മുൻപോട്ടു വച്ചിരിക്കുന്നു..

മങ്ങാട്ടച്ഛനായി വേഷമിട്ട ഹരീഷ് പേരടിയുടെയും അനന്തനായി വേഷമിട്ട അർജുന്റെയും ചിന്നാലി ആയി വേഷമിട്ട ചൈനീസ് നടന്റെയും കഥാപാത്രങ്ങൾ ആണ് അല്പം എങ്കിലും പ്രേക്ഷകന് വൈകാരികമായി അടുപ്പം തോന്നുന്നത്...അർജുന് ശബ്ദം നൽകിയ വിനീത് കയ്യടി അർഹിക്കുന്നുണ്ട്..സൗഹൃദത്തിന്റെ പേരിൽ സൃഷ്ടിക്കപ്പെട്ടവ എന്ന് തോന്നുന്ന അപൂർണമായ നിരവധി കഥാപാത്രങ്ങൾ ഉണ്ട് ചിത്രത്തിൽ...

ചിത്രത്തിലെ ചുരുക്കം ചില മികച്ച രംഗങ്ങളിൽ ഒന്നായ കടൽ യുദ്ധത്തിലും ഫ്ലാഷ്ബാകിലും ഒഴികെ മരയ്ക്കാർ കടൽ കാണുന്നതേ ഇല്ല...അറബിക്കടലിന്റെ സിംഹം എന്ന ടാഗ് ലൈനിലെ അറബിക്കടൽ പോലും നാണിച്ചു പോകും വിധം അന്യമാണ് ഈ ചിത്രത്തിന് കടൽ...മരയ്ക്കാരുടെ വ്യക്തി ജീവിതത്തിനും വൈകാരിക രംഗങ്ങൾക്കും ആണ് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത് എന്നത് കൊണ്ട് തന്നെ മരയ്ക്കാരുടെ യുദ്ധ തന്ത്രങ്ങൾ കാണാൻ കൊതിച്ചെത്തുന്ന പ്രേക്ഷകർ നിരാശരാവും.... സംവിധായകന്റെ ഭാവന എന്ന് അവകാശപ്പെടുന്ന 70 ശതമാനത്തിൽ കുഞ്ഞാലിയുടെ ബുദ്ധിയും പോരാട്ട വീര്യവും വിളിച്ചോതുന്ന രംഗങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നു എങ്കിൽ ഒരുപക്ഷെ കൂടുതൽ പ്രേക്ഷക സ്വീകാര്യത നേടിയെക്കുമായിരുന്നു...

തിരു ആണ് ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത്... പ്രിയദർശൻ ചിത്രങ്ങളുടെ പ്രത്യേകത ആയ അദ്ദേഹത്തിന്റെ കൈയ്യൊപ്പ് പതിഞ്ഞ ഫ്രെയിമുകൾ തിരു മനോഹരമായി തന്നെ പകർത്തിയിട്ടുണ്ട്... സിനിമയെ പിറകോട്ടു അടിക്കുന്ന മറ്റൊരു ഘടകം അതിന്റെ എഡിറ്റിംഗ് ആണ്... ഒരല്പം കൂടെ ശ്രദ്ധാപൂർവം കുറെ ഏറെ അനാവശ്യ രംഗങ്ങൾ ട്രിം ചെയ്തിരുന്നെങ്കിൽ ഒരു പക്ഷെ ചിത്രത്തിന്റെ

വിധി(പ്രേക്ഷക സ്വീകാര്യത )മറ്റൊന്നായേനെ...

ഗാനങ്ങൾ ഒരുക്കിയിരിക്കുന്നത് റോണി റാഫെലും പശ്ചാത്തല സംഗീതം ഒരുക്കിയിരിക്കുന്നത് രാഹുൽ രാജും ആണ്... അനവസരത്തിൽ കയറി വരുന്ന ഗാനരംഗങ്ങൾ ചിത്രത്തിന്റെ ദൈർഘ്യം കൂട്ടുന്നതിൽ നിർണായക പങ്ക് വഹിക്കുന്നുണ്ട്... രാഹുൽ രാജ് ഒരുക്കിയ അതി മനോഹരം ആയ മരയ്ക്കാർ തീം മ്യൂസിക് 2 വർഷങ്ങൾക്കു മുൻപ് തന്നെ പ്രേക്ഷകർ നെഞ്ചിലേറ്റിയതാണ്.. പക്ഷെ ചിത്രത്തിൽ അത് ഫലവത്തായി ഉപയോഗപ്പെടുത്തുവാൻ പലപ്പോഴും കഴിഞ്ഞിട്ടില്ല..

ഇത്രയൊക്കെ ഒരു പ്രേക്ഷകന് നിരാശ തോന്നുന്നതിൽ ദുർബലമായ എഴുതപ്പെട്ട രംഗങ്ങളോടൊപ്പം (അതും ട്രോയ്,ബ്രേവ് ഹാർട്ട് പോലെ ഉള്ള ക്ലാസ്സിക്കുകളോട് കടപ്പാടുള്ളത് )മറ്റൊരു
പ്രധാന പങ്ക് വഹിക്കുന്നത് അണിയറ പ്രവർത്തകർ ചിത്രത്തിന് കൊടുത്ത അനാവശ്യ ഹൈപ്പും പ്രതീക്ഷയും ആണ്..

എന്നിരുന്നാലും ഇപ്പോൾ സമൂഹമാധ്യമങ്ങളിൽ കൂടെ നടക്കുന്ന ബോധപൂർവം എന്ന് തോന്നിക്കും വിധമുള്ള ഡീഗ്രേഡിങ് മരയ്ക്കാർ അർഹിക്കുന്നില്ല... സത്യസന്ധമായ വിമർശനവും, സിനിമയിലെ പ്രധാന രംഗങ്ങൾ മൊബൈലിൽ പകർത്തി ട്രോളുകൾ ആക്കി സമൂഹമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നതും തമ്മിലുള്ള വ്യത്യാസം സിനിമയെ സ്നേഹിക്കുന്ന യഥാർത്ഥ പ്രേക്ഷകർ തിരിച്ചറിയണം... എത്ര നന്നായി എഴുതപ്പെട്ട രംഗത്തിന്റെയും സോഷ്യൽ മീഡിയയിൽ ട്രോൾ ചെയ്യപ്പെട്ടതിനു ശേഷമുള്ള കാഴ്ചനുഭവം തീർത്തും അരോചകമായിരിക്കും..മരയ്ക്കാറിലെ ഇപ്പോൾ ട്രോൾ ചെയ്യപ്പെടുന്ന പല രംഗങ്ങളും ഞാൻ കണ്ടത് ആ ട്രോളുകൾ കാണാതെ ആയിരുന്നു എന്നുള്ളത് കൊണ്ട് തന്നെ എന്നെ അത്ര കണ്ട് മുഷിപ്പിച്ചിരുന്നില്ല... ആദ്യ ഷോ തന്നെ കണ്ട എനിക്ക് ലഭിച്ചത് ശരാശരി അനുഭവം ആയിരുന്നു...അതുകൊണ്ട് ചിത്രം സ്വയം കണ്ട് വിലയിരുത്തുക..